"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) വാർഷികപാട്ടത്തിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.68/2026/RD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.11.2024-ലെ LR/5901/2021-LR(J10) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് അനുവദിക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി മട്ടന്നൂർ പ്രൊജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശപ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

2. അപേക്ഷക്കാസ്പദമായ ഭൂമിയുടെ അടുത്ത് സ്ഥിതി ചെയ്യുന്നതും സമവും, സമാനവുമായതുമായ റീ.സ 115/1-ൽപ്പെട്ട "Garden land with road access" എന്ന കാറ്റഗറിയിലുള്ള ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിലാണ് പാട്ടത്തുക കണക്കാക്കിയിരിക്കുന്നത്. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെ ഭൂമി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് ₹39,521/- (മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 2024-2025 ൽ അനുവദിക്കാവുന്നതാണെന്നും, തുടർന്നുള്ള വർഷങ്ങളിൽ കമ്പോളവിലയിൽ വരുന്ന വർദ്ധനവുകൾക്കനുസൃതമായി പാട്ടത്തുക പുതുക്കി നിശ്ചയിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. വിവിധ കുടിവെള്ള പദ്ധതികളുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിനും പമ്പിംഗ് സ്റ്റേഷനുകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഭൂമി സൗജന്യ നിരക്കിലോ നാമമാത്ര പട്ടത്തുകയോ ഈടാക്കി പാട്ടത്തിന് നൽകണമെന്നാണ് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. Basic Tax Register പ്രകാരം അപേക്ഷാഭൂമി പഞ്ചായത്ത് പരിധിയിൽ വരുന്നതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, ചുവടെ ചേർത്തിരിക്കുന്ന പാട്ടനിബന്ധനകളോടെ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്,

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച്, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 1.0693 ഹെക്ടറിന് (106.93 ആർ) 10,693/- രൂപ (പതിനായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ;

ii) ഭൂമി ഉപപാട്ടത്തിന് നൽകാനോ ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല;

iii) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

iv) ഏതൊരു കൈയ്യേറ്റത്തിൽ നിന്നും ഭൂമി സംരക്ഷിച്ച് നിർത്തേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്ക് ആയിരിക്കും;

v) അനുവദിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി കൂടാതെ മുറിക്കുവാനോ നീക്കം ചെയ്യാനോ പാടുള്ളതല്ല;

vi) മേൽപ്പറഞ്ഞ നിബന്ധനകളേതെങ്കിലും ലംഘിച്ചാൽ ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്;

vii) പാട്ടക്കാലാവധി തീരുന്നതിനു ഒരു വർഷത്തിന് മുമ്പ് തന്നെ പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പാട്ടകക്ഷി സമർപ്പിക്കേണ്ടതാണ്;

viii) പാട്ടക്കാലാവധി കഴിയുന്ന വേളയിൽ, കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964/1995 ഇവിടെ അപ്രസക്തമാക്കുകയും, കേരള ഭൂസംരക്ഷണനിയമം സെക്ഷൻ 5 പ്രാവർത്തികമാക്കുകയും ചെയ്യും. പാട്ടം പുതുക്കി നൽകാത്ത പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് ഭൂമി അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചെടുക്കാവുന്നതാണ്.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി, മട്ടന്നൂർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (15.07.2025-ലെ E-3176397/EXP-D3/108/2025-FIN പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (11.02.2026-ലെ 3662 നമ്പർ മന്ത്രിസഭായോഗ തീരുമാനം പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Priya Vincent

സെക്ഷൻ ഓഫീസർ

Date: 16-02-2026 10:29:24

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 11-02-2026

ഫയൽ നം. REV-L2/138/2024/REV. ഇനം നം: 3662

വിഷയം : റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) വാർഷികപാട്ടത്തിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3662

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | REV-L2/138/2024-REV |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) വാർഷികപാട്ടത്തിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.01.2026 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii)സാമ്പത്തിബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി | ശ്രീ. അനു. എസ്. നായർ |

| | | |
|---|---|---|
| | സെക്രട്ടറിയുടെ പേര് | |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക്, സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) ഭൂമി പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണീ കുറിപ്പ്.

2. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് അനുവദിക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി മട്ടന്നൂർ പ്രൊജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു. അപേക്ഷക്കാസ്പദമായ ഭൂമിയുടെ അടുത്ത് സ്ഥിതി ചെയ്യുന്നതും സമവും, സമാനവുമായതുമായ റീ.സ 115/1-ൽപ്പെട്ട "Garden land with road access" എന്ന കാറ്റഗറിയിലുള്ള ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിലാണ് പാട്ടത്തുക കണക്കാക്കിയിരിക്കുന്നത്. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെ ഭൂമി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് ₹39,521/- (മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 2024-2025 ൽ അനുവദിക്കാവുന്നതാണെന്നും, തുടർന്നുള്ള വർഷങ്ങളിൽ കമ്പോളവിലയിൽ വരുന്ന വർദ്ധനവുകൾക്കനുസൃതമായി പാട്ടത്തുക പുതുക്കി നിശ്ചയിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. തുടർന്ന് കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് ₹39,521/- (മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 2024-2025 മുതൽ മൂന്നു വർഷത്തെ ഇടവേളകളിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയോട് കൂടി നിബന്ധനകൾക്കു വിധേയമായി പാട്ടത്തിനു നൽകുന്നതിനോട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി.

4. ധനകാര്യ വകുപ്പ് ചുവടെപ്പറയുംവിധം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെ ഭൂമി, ചുവടെ ചേർത്തിരിക്കുന്ന പാട്ട നിബന്ധനകളോടെയും മൂന്നു വർഷത്തെ ഇടവേളകളിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയോടും കൂടി തലശ്ശേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് 39,521/- (മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

നിബന്ധനകൾ :

(i) ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ

(11) ഭൂമി ഉപപാട്ടത്തിന് നൽകാനോ ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല;

(iii) ഭൂമി അനുവദിക്കുന്ന തിയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(iv) ഏതൊരു കൈയ്യേറ്റത്തിൽ നിന്നും ഭൂമി സംരക്ഷിച്ചു നിർത്തേണ്ട ചുമതല വാട്ടർ അതോറിറ്റിക്ക് ആയിരിക്കും;

(v) അനുവദിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി കൂടാതെ മുറിക്കുവാനോ നീക്കം ചെയ്യാനോ പാടുള്ളതല്ല;

(Vi) മേൽപ്പറഞ്ഞ നിബന്ധനകളേതെങ്കിലും ലംഘിച്ചാൽ ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.

(vii) പാട്ടക്കാലാവധി തീരുന്നതിന് ഒരു വർഷത്തിന് മുമ്പ് തന്നെ പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പാട്ടകക്ഷി സമർപ്പിക്കേണ്ടതാണ്.

(viii) പാട്ടക്കാലാവധി കഴിയുന്ന വേളയിൽ, കേരള ഭൂമി പതിവ് ചട്ടം 1964/1995 ഇവിടെ അപ്രസക്തമാക്കുകയും, കേരള ഭൂസംരക്ഷണനിയമം സെക്ഷൻ 5

പ്രാവർത്തികമാക്കുകയും ചെയ്യും. പാട്ടം പുതുക്കി നൽകാത്ത പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് ഭൂമി അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചെടുക്കാവുന്നതാണ്."

5. വിവിധ കുടിവെള്ള പദ്ധതികളുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിനും പമ്പിംഗ് സ്റ്റേഷനുകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഭൂമി സൗജന്യ നിരക്കിലോ നാമമാത്ര പട്ടത്തുകയോ ഈടാക്കി പാട്ടത്തിന് നൽകണമെന്നാണ് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്.

6. മലപ്പുറം ജില്ലയിൽ ഓവർഹെഡ് ടാങ്ക്, അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക്, 17.09.2025-ലെ ഇനം 3257 മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 22.09.2025-ലെ സ.ഉ (കൈ) നം. 279/2025/RD ഉത്തരവ് പ്രകാരം സൗജന്യനിരക്കായ ആറിന് 100/- രൂപ നിരക്കിൽ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

7. BTR പ്രകാരം കേരളാ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി പഞ്ചായത്ത് പരിധിയിൽ വരുന്നതാണ്.

8. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964-ലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച്, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 1.0693 ഹെക്ടറിന് (106.93 ആർ) 10,693/- രൂപ (പതിനായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തു. ബഹു. മന്ത്രി ആയത് അംഗീകരിക്കുകയുണ്ടായി.

9. എന്നാൽ കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസിലെ Part 1-ലെ Second Schedule-ലെ Cases to be brought before the Council-ലെ ഇനം 16 ചുവടെപ്പറയുന്നവിധമാണ്.

"Any proposal which affects the finances of the State which has not the consent of the Finance Minister". കേരള വാട്ടർ അതോറിറ്റിക്ക് 39,521/- (മുപ്പത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപയ്ക്ക് ഭൂമി പാട്ടത്തിന് നൽകുവാനാണ് ധനകാര്യ വകുപ്പ് യോജിപ്പ് നൽകിയിട്ടുള്ളത്. എന്നാൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964-ലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച്, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 1.0693 ഹെക്ടറിന് (106.93 ആർ) 10,693/- രൂപ (പതിനായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നതിനാണ് ഈ കേസിൽ ശിപാർശ ചെയ്യുന്നത്. ആയതിനാൽ റൂൾസ് ഓഫ് ബിസിനസ്സിന്റെ മേല്പറഞ്ഞ ഷെഡ്യൂൾ പ്രകാരം ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുണ്ട്.

10. മേൽസാഹചര്യത്തിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964-ലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച്, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 1.0693 ഹെക്ടറിന് (106.93 ആർ) 10,693/- രൂപ (പതിനായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ നിബന്ധനകൾക്ക വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ചാവശ്ശേരി അംശം വെളിയമ്പ്ര ദേശം റീസർവ്വേ 111/1A, 111/1C, 112/2 എന്നീ സർവ്വേ നമ്പറിലുള്ള 1.0693 ഹെക്ടർ ഭൂമി, ചുവടെ ചേർത്തിരിക്കുന്ന പാട്ടനിബന്ധനകളോടെ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം

ഉപയോഗിച്ച്, തലശ്ശേരി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/- രൂപ നിരക്കിൽ) 1.0693 ഹെക്ടറിന് (106.93 ആർ) 10,693/- രൂപ (പതിനായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വാർഷികപാട്ടത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണോ?

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ;

ii) ഭൂമി ഉപപാട്ടത്തിന് നൽകാനോ ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല;

iii) ഭൂമി അനുവദിക്കുന്ന തിയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

iv) ഏതൊരു കൈയ്യേറ്റത്തിൽ നിന്നും ഭൂമി സംരക്ഷിച്ചു നിർത്തേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്ക് ആയിരിക്കും;

v) അനുവദിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി കൂടാതെ മുറിക്കുവാനോ നീക്കം ചെയ്യാനോ പാടുള്ളതല്ല;

vi) മേൽപ്പറഞ്ഞ നിബന്ധനകളേതെങ്കിലും ലംഘിച്ചാൽ ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്;

vii) പാട്ടക്കാലാവധി തീരുന്നതിനു ഒരു വർഷത്തിന് മുമ്പ് തന്നെ പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പാട്ടകക്ഷി സമർപ്പിക്കേണ്ടതാണ്;

viii) പാട്ടക്കാലാവധി കഴിയുന്ന വേളയിൽ, കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964/1995 ഇവിടെ അപ്രസക്തമാക്കുകയും, കേരള ഭൂസംരക്ഷണനിയമം സെക്ഷൻ 5 പ്രാവർത്തികമാക്കുകയും ചെയ്യും. പാട്ടം പുതുക്കി നൽകാത്ത പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് ഭൂമി അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചെടുക്കാവുന്നതാണ്.